**"ഭരണഭാഷ–മാതൃഭാഷ"**

150 YEARS OF CELEBRATING THE MAHATMA

നമ്പർ സി1-2066/2017/ഫാ&ബോ

"സുരക്ഷാഭവൻ"
ഡയറക്ടറേറ്റ് ഓഫ് ഫാക്ടറീസ് &
ബോയിലേഴ്സ്, കുമാരപുരം, മെഡിക്കൽ
കോളേജ് പി.ഒ, തിരുവനന്തപുരം– 11
ഫോൺ: 0471 – 2441597
ഇ-മെയിൽ: director@fabkerala.gov.in
തീയതി: 22.08.2019

## സർക്കുലർ നം. 26/19

വിഷയം: ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് - ഫാബോസിലെ ഡേറ്റാ ബേസ് അപ്ഡേറ്റ് ചെയ്യുന്നത് - സംബന്ധിച്ച്.

ഫാബോസ് പോർട്ടലിലെ പെർമിറ്റ്/ലൈസൻസ് എന്നിവ സംബന്ധിച്ച വിവരങ്ങളിൽ നിരവധി ന്യൂനതകൾ കണ്ടെത്തിയിട്ടുണ്ട്. ഇക്കാരണത്താൽ പെർമിറ്റ് റിവിഷൻ, റീവാലിഡേഷൻ, ലൈസൻസ് പുതുക്കൽ എന്നിവ കുറ്റമറ്റതാക്കുവാൻ കഴിയുന്നില്ല.

അതിനാൽ താഴെ പറയുന്ന കാര്യങ്ങൾ എല്ലാ മേഖലാ ജോയിന്റ് ഡയറക്ടർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതും കൃത്യമായി പാലിക്കേണ്ടതുമാണ്.

1. പെർമിറ്റ്/ലൈസൻസ് എന്നിവയുടെ ഡാറ്റാ ബേസ് 2019 സെപ്തംബർ 30-നകം ന്യൂനതകൾ പരിഹരിച്ച് ആനുകാലികമാക്കി വിവരം അറിയിക്കേണ്ടതാണ്.
2. ഓരോ ദിവസവും അപ്രൂവ് ചെയ്യുന്ന പെർമിറ്റ്/ലൈസൻസ് എന്നിവ അപ്പോൾ തന്നെ ഡിജിറ്റൽസൈൻ ചെയ്യേണ്ടതാണ്. കൂടാതെ അംഗീകാരം നൽകിയ ശേഷം ഡിജിറ്റൽ സൈൻ ചെയ്യാതെ പ്രമാണങ്ങൾ സൂക്ഷിക്കുന്നത് കർത്തവ്യ നിർവ്വഹണത്തിനുള്ള ലംഘനമായി കാണുന്നതാണ്.
3. പെർമിറ്റിൽ ഉൾപ്പെട്ട പ്ലാനുകൾ ഡിജിറ്റൽ ഒപ്പോടെ അംഗീകരിച്ച് നൽകിയ ശേഷം വീണ്ടും അപേക്ഷകനോട് പ്ലാനുകളുടെ ഹാർഡ് കോപ്പി പരിശോധനയ്ക്കോ മറ്റ് കാര്യങ്ങൾക്കും വേണ്ടി സമർപ്പിക്കുന്നതിന് ആവശ്യപ്പെടാൻ പാടില്ല.

4. ഡിജിറ്റൽ സിഗ്നേച്ചർ കൈമാറ്റം ചെയ്യുന്നതും തെറ്റായി ഉപയോഗിക്കുന്നതും ഐ.ടി ആക്ട് അനുസരിച്ച് ഗുരുതരമായ സൈബർ കുറ്റകൃത്യമാണ്. പ്രസ്തുത നിയമലംഘനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യക്തിപരമായി ഉത്തരവാദിയാകുന്നതാണ്.
5. ഫാക്ടറി ലൈസൻസിൽ സെക്ഷൻ 2M/85, Haz/Non Haz/ 2cb etc കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ലൈസൻസ് പുതുക്കുന്ന സമയത്ത് ഉറപ്പ് വരുത്തേണ്ടതാണ്.
6. സെക്ഷൻ 2M ഫാക്ടറികളുടെ പെർമിറ്റ് സംബന്ധമായ വിവരം താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ തയ്യാറാക്കി സോഫ്റ്റ് കോപ്പി 30/09/2019-നകം (ഡിവിഷൻ തിരിച്ച്) ലഭ്യമാക്കേണ്ടതാണ്.

| ഡിവിഷൻ: | | |
|---|---|---|
| ക്രമ നം. | ലൈസൻസ് നം. | പെർമിറ്റ് നം. |
| | | |

വിശ്വസ്തതയോടെ,

(ഒപ്പ്)

ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ

സ്വീകർത്താവ്:

1. ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്, കൊല്ലം/എറണാകുളം/കോഴിക്കോട്
2. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്/ അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്
3. പകർപ്പ് CA

അംഗീകാരത്തോടെ അയയ്ക്കുന്നത്

ഹെഡ് സ്റ്റാറ്റിറ്റീഷ്യൻ

AJ